# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4706 | 27.06.2014-ൽ മറുപടിയ്ക്ക്

### പുതിയ നഗരസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.മഞ്ഞളാംകുഴി അലി (ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും ടൗൺഷിപ്പുകളുടെയും എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ; | എ) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ടൗൺഷിപ്പ് എന്നിവ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയി ക്കുമോ; | ബി) കേരള മുനിസിപ്പൽ ആക്ടിലെ 4- ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ ഒരു പരിവർത്തനാത്മക പ്രദേശത്തെ ഒരു ടൗൺ പഞ്ചായത്തായും, താരതമ്യേന ചെറിയ ഒരു നഗര പ്രദേശത്തെ ഒരു മുനിസിപ്പൽ കൗൺസിലായും, താരതമ്യേന വലിയ ഒരു നഗര പ്രദേശത്തെ ഒരു മുനിസിപ്പൽ കോർപ്പറേഷനായും രൂപീകരിക്കാവുന്നതാണ്.<br><br>എന്നാൽ അപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പ് ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദ പ്രകാരമുള്ള ആവശ്യകതകൾ നിറവേറ്റേണ്ടതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ മുനിസിപ്പൽ കോർപ്പറേഷന്റെയോ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതുമാണ്. ഏതൊരു വിജ്ഞാപനവും ആ ഭൂപ്രദേശത്തെ നിലവിലുള്ള മുനിസിപ്പാലിറ്റിയുടേയോ ഗ്രാമപഞ്ചായത്തിന്റെയോ ഭരണ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടൗൺഷിപ്പ് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആക്ടിൽ വ്യവസ്ഥയില്ല. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് പുതിയ കോർപ്പറേഷനുകളോ മുനിസിപ്പാലിറ്റികളോ ടൗൺഷിപ്പുകളോ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു ണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | നഗരസ്വഭാവം ആർജ്ജിച്ചിട്ടുള്ള പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് പുതുതായി നഗരസഭകൾ രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| ഡി) | കൊച്ചി കോർപ്പറേഷനെ മെട്രോ സിറ്റിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | ഡി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്തെ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും ടൗൺഷിപ്പുകളുടെയും എണ്ണം (ജില്ലതിരിച്ച്)

### മുനിസിപ്പൽ കോർപ്പറേഷനുകൾ

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 1 |
| ആകെ | 5 |

### മുനിസിപ്പാലിറ്റികൾ

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 3 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 5 |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം | 11 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 4 |
| മലപ്പുറം | 7 |
| കോഴിക്കോട് | 2 |
| വയനാട് | 1 |
| കണ്ണൂർ | 6 |
| കാസറഗോഡ് | 3 |
| ആകെ | 60 |

ടൗൺഷിപ്പുകൾ - ഇല്ല

സെക്ഷൻ ഓഫീസർ